കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേർപ്പ് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in.

*നം. കെ.എസ്.എ.ടി.എസ്.ആർ.(പി2)2079/16*
*കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,*
*ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ*
*PIN 680 020,തിയ്യതി 16.12.2016*
*Ph.No.0487 2331249*
*e-mail:dotsr.ksad@kerala.gov.in*

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേർപ്പ് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: ചേർപ്പ് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2. ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-7,3-10.ഖണ്ഡിക യിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ

രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ, 3) കാര്യാലയ പകർപ്പ്

*നം. കെ.എസ്.എ.ടി.എസ്.ആർ.(പി2)2079/16*
*കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.*
*ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ*
*PIN – 680 020 തിയ്യതി 16.12.16*
*Ph.No.0487 2331249*
*e-mail – dotsr.ksad@kerala.gov.in*

<u>തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 7.4.2016 മുതൽ 10.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015-16 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ചേക്കുട്ടി.കെ.യു<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.2016 മുതൽ 23.11.2016 വരെ |
| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | റഫി ജോൺ,<br>ഓഡിറ്റ് ഓഫീസർ<br>ബേബി.പി.വി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>സുനിത.ആർ,ഓഡിറ്റർ |

| ബി) നിർവ്വഹണാധികാരികൾ | | |
|---|---|---|
| | പേര് | കാലയളവ് |
| പ്രസിഡന്റ് | മിനി ജോസ് | 01.04.2015-31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015-18.11.2015 |
| “ | സി.കെ.വിനോദ് | 19.11.2015-31.3.2016 |
| സെക്രട്ടറി | വനജകുമാരി | 1.4.2015-19.4.2015 |
| | ആർ സുബ്രഹ്മണ്യൻ<br>(ഇൻചാർജ്ജ്) | 20.4.2015-30.6.2015 |
| | വനജകുമാരി | 1.7.2015-1.8.2015 |
| | ഇ.അശോക് കുമാർ | 3.8.2015-4.2.2016 |

| | | |
|---|---|---|
| | ജയകൃഷ്ണൻ (ഇൻചാർജ്ജ്) | 5.2.2016-16.3.2016 |
| | പ്രജീഷ് പി | 31.3.2016 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ആർ സുബ്രഹ്മണ്യൻ | 1.4.2015-13.11.2015 |
| | വേൽമുരുകൻ | 14.11.2015-31.12.2015 |
| | ജയകൃഷ്ണൻ | 1.1.2016-30.3.2016 |
| | വേൽമുരുകൻ | 31.3.2016 |
| അസി എഞ്ചിനീയർ | ശശികല കെ.എസ് | 1.4.2015-30.4.2015 |
| | ജിൻസി | 1.5.2015-14.5.2015 |
| | ധന്യ.ടി.വി | 15.5.2015-31.3.2016 |
| കൃഷി ഓഫീസർ | മിനി ജോസഫ് | 1.4.2015-28.6.2015 |
| | ഷൈലജ കെ.എസ് | 29.6.2015-31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | രതി.കെ | 1.4.2015-31.3.2016 |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ,സി.എച്ച്.സി | ഡോ.ശ്രീകല | 1.4.2015-31.3.2016 |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ.ഉഷ സലൂജ | 1.4.2015-31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.എം .എ മനോജ് കുമാർ | 1.4.2015-31.3.2016 |
| വിഇഒ, എട്ടുമന | ഷീബ ആന്റോ എം | 1.4.2015-5.6.2015 |
| | ശ്രീശാന്ത് | 6.6.2015-15.7.2015 |
| | രാഗി ടി.ആർ | 16.7.2015-31.3.2016 |
| വിഇഒ, ഊരകം | ജോഷീല പി.ജെ | 1.4.2015-31.3.2016 |
| എച്ച്.എം | ഷീല ടി.ജി | 1.4.2015-31.3.2016 |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഗ്രാമസഭയിലെ പങ്കാളിത്തത്തിന്റെ കുറവ്-പരിഹാരനടപടികളുടെ ആവശ്യം. | 1-12 |
| 13 | നിഷ്ക്രിയമായികിടക്കുന്ന ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ് | 1-13 |
| | ഭാഗം 2 | |
| 14 | . ഡി.ആന്റ്.ഓ ലൈസൻസ് ഫീ കുറവ് ഈടാക്കി | 2-1 |
| 15 | അനധികൃത കെട്ടിടനിർമ്മാണം- നടപടി സ്വീകരിക്കേണ്ടതാണ് | 2-2 |
| 16 | അനധികൃതമായി പ്ലോട്ടുകൾ തിരിച്ച് വില്പന നടത്തി | 2-3 |
| 17 | വസ്തു നികുതി -പിഴ പലിശ ഒഴിവാക്കി നല്കി | 2-4 |
| 18 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | 2-5 |

| | | |
|---|---|---|
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-6 |
| 20 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-7 |
| 21 | വാടക കുടിശ്ശിക | 2-8 |
| 22 | പരസ്യനികുതി | 2-9 |
| 23 | ഡി ആന്റ് ഓ ലൈസൻസ് -വരുമാനം കുറഞ്ഞതിന്റെ കാരണം കണ്ടെത്തേണ്ടതാണ് | 2-10 |
| | ഭാഗം 3 | |
| 24 | മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി. | 3-1 |
| 25 | പെയിൻ & പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് യഥാസമയം ലഭിച്ചിട്ടില്ല. | 3-2 |
| 26 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-എൻ.എ.സി. ഹാജരാക്കിയിട്ടില്ല. | 3-3 |
| 27 | മൃഗാശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ - ടെണ്ടർ നടപടി പാലിച്ചിട്ടില്ല. | 3-4 |
| 28 | ഹെഡ്മിസ്ട്രസ് ജെ.ബി.എസ്. ചേർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-5 |
| 29 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതൾ | 3-6 |
| 30 | ടെണ്ടറുകൾ അസാധുവാക്കിയതിലൂടെ പഞ്ചായത്തിന് നഷ്ടം സംഭവിച്ചത് സംബന്ധിച്ച് | 3-7 |
| 31 | വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ അടവാക്കൽ-സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-8 |

| | | |
|---|---|---|
| 32 | വാഹനവാടക നൽകിയത്: തെറ്റായ വാഹനനമ്പർ നല്കിയിരിക്കുന്നു | 3-9 |
| 33 | ഫ്ലാറ്റ് നിർമ്മാണം-പട്ടികജാതി: ഫലവത്താത്ത ആസൂത്രണം | 3-10 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.3.2015 തിയതിയിലെ 153-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആകെ വരവ് 324822111/-രൂപയും ചെലവ് 270958500/- രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| 31.07.2016 | 30.07.2016 |
|---|---|

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ -ന്യൂനതകൾ

1.നാളിതു വരെ സൃഷ്ടിക്കപ്പെട്ട ആസ്തിബാധ്യതാ കണക്കാക്കി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

2.വസ്തു നികുതി രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്കിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 50126728.84

വരവ് – 44795905.00

ആകെ - 94922633.84

ചെലവ് - 67225789.00

നീക്കിയിരിപ്പ് - 27696844.84

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1984555 | 29347967 | 31332522 | 12711181 | 18621341 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 8689677 | 8808000 | 17497677 | 7050143 | 10447534 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 187000 | 187000 | 187000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1316468 | 3731000 | 5047468 | 4703790 | 343678 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3283872 | 3500000 | 6783872 | 1734048 | 5049824 | 0 |
| ധനകാര്യ കമ്മീഷൻ | 5630088 | 5453953 | 11084041 | 8854107 | 2229934 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് | | | | | | |
| ലോക ബാങ്ക് സഹായം | 3971897 | 0 | 3971897 | 3788384 | 183513 | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 7007500 | 127 | 1687500 | 8 | 31 | 76.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല.

നടപ്പാക്കാത്ത പദ്ധതികൾ സ്പിൽ ഓവറാക്കി

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം +0.66% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10060713 | 7259574 | 2801139 | -27.4 |
| നികുതിയേതര വരവുകൾ | 1169602 | 2150370 | 980768 | +83.85 |
| മറ്റുവരവുകൾ | 10116912 | 12077604 | 1960692 | +19.38 |
| ആകെ | 21347227 | 21487548 | 140321 | +0.66 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 153960 | 128 |
| കർഷകതൊഴിലാളി പെൻഷൻ | 2887170 | 421 |

| | | |
|---|---|---|
| വിധവാപെൻഷൻ | 12615080 | 1478 |
| വാർദ്ധക്യകാലപെൻഷൻ | 9594450 | 1479 |
| വികലാംഗപെൻഷൻ | 2323180 | 309 |
| അവിവാഹിതപെൻഷൻ | 1966840 | 231 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2016 തിയതി 3.20pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1853 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ഡേബുക്ക്,ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി, ബോധ്യപ്പെട്ടു

1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ന്യൂ ബിൽഡിംഗ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.16 | സെപ്റ്റംബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.05.15 | 2009 മുതൽ 2013-14 | 01.06.15 |

# 1-12 ഗ്രാമസഭയിലെ പങ്കാളിത്തത്തിന്റെ കുറവ്- പരിഹാരനടപടികളുടെ ആവശ്യം.

എല്ലാ പൗരന്മാരും ഒരു പൊതുവേദിയിൽ സമ്മേളിച്ച് സമൂഹത്തെ സംബന്ധിക്കുന്ന പ്രധാന തീരുമാനങ്ങളെടുക്കുന്ന സമ്പ്രദായമാണ് ജനാധിപത്യത്തിന്റെ ഏറ്റവും നല്ല മാതൃക. അധികാരവികേന്ദ്രീകരണ പ്രക്രിയയിലെ പരമാധികാരസഭയായിട്ടാണ് ഗ്രാമസഭകൾ വിലയിരുത്തപ്പെടുന്നത്. എന്നാൽ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽനിന്നും ഗ്രാമസഭയുടെ പ്രാധാന്യം ശരിയായ തരത്തിൽ ജനങ്ങൾ ഉൾക്കൊണ്ടതായിക്കാണുന്നില്ല. 2015-16 സാമ്പത്തിക വർഷത്തിൽ നടന്ന 2 ഗ്രാമസഭകളിലും 10

മുതൽ 11 ശതമാനം വരെയാണ് ജനപങ്കാളിത്തം. സംഘാടനത്തിന്റെ കുറവാണൊ ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തെ പ്രതികൂലമായി ബാധിക്കുന്നതെന്ന് പരിശോധിക്കുകയും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുകയും വേണം. പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നീ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് എന്ത് പങ്ക് വഹിക്കുവാൻ കഴിയുമെന്ന് ബഹുഭൂരിപക്ഷംപേർക്കും അറിയാത്ത അവസ്ഥ ജനപങ്കാളിത്തത്തോടുകൂടി വികസനപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വിലങ്ങുതടിയായ് മാറുന്നു. കേവലം ഒരു സാമ്പത്തികവിനിയോഗപ്രക്രിയ എന്നതിലുപരി പദ്ധതി ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ എന്നിവയിൽ ഊന്നിയുള്ള ചർച്ചകൾ ഗ്രാമസഭകളിൽ ഉയർന്നുവരേണ്ടതുണ്ട്. പദ്ധതികളുടെ ഗുണഭോക്താക്കൾ എന്നനിലയിൽനിന്നും പദ്ധതികളുടെ നിർമ്മാതാക്കളായി പൗരസമൂഹം മാറേണ്ടതുണ്ട്. ഇതിനാവശ്യമായ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ ഗ്രാമസഭാ കൺവീനർമാരായ അതാത് വാർഡ് മെംബർമാർ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 നിഷ്ക്രിയമായികിടക്കുന്ന ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്

2015-16 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന 7 അക്കൗണ്ടുകൾ നിഷ്ക്രിയമായി കിടക്കുന്നുണ്ട്.

| അക്കൗണ്ട് നം. | പേര് | നീക്കിയിരിപ്പ് |
|---|---|---|
| 10459577163 | SBI OAP | 16612 |
| 0709101037176 | CNB MN LAKSHEM | 777879 |
| 40302100101757 | SMGB SSA | 222682 |
| | Treasury TP ac | 500 |
| | Treasury Own fund VPFA1-2 | 9860 |

മേൽ ബാങ്ക് അക്കൗണ്ടുകൾ നിലവിലുള്ള നിയമങ്ങൾ അനുസരിച്ചുകൊണ്ട് അവസാനിപ്പിക്കാനും തുകകൾ പഞ്ചായത്തിന് ഗുണകരമാകുന്ന രീതിയിൽ ഉപയോഗിക്കാനും വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.ആന്റ്.ഓ ലൈസൻസ് ഫീ കുറവ് ഈടാക്കി

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം7, പട്ടിക II പ്രകാരമുള്ള പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| അപേക്ഷകന്റെ പേര് / സ്ഥാപനം | അപേക്ഷപ്രകാരം പ്രതിദിന വിറ്റുവരവ് | ഈടാക്കിയത് രശീതി നം /തിയതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| വി.ടി രാമചന്ദ്രൻ, സപ്ലൈക്കോ സൂപ്പർമാർക്കറ്റ് | 30000 | 500/- 11403111883/23.2.15 | 1000 | 500 |
| പ്രേംലാൽ ഇ.സി, എടക്കാടൻ ഗുരുദേവ ഗ്യാസ് ഏജൻസി | 100000 | 1000/- 11403112437/23.2.15 | 2000 | 1000 |
| തൃശ്ശൂർ താലൂക്ക് ഫർണിച്ചർ ഡെവലപ്പ് മെന്റ് കോ.ഓ.സൊസൈറ്റി | 70000 | 1000/- 11403112180/26.2.15 | 2000 | 1000 |
| രാജി .പി.അടിലക്കുഴി , പാലിശ്ശേരി,സപ്ലൈക്കോ ശബരി സൂപ്പർമാർക്കറ്റ് | 30000 | 1000/- 11403112367/27.2.15 | 500 | 500 |
| ആകെ | | | | 3000 |

കുറവുവന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്

## 2.-2 അനധികൃത കെട്ടിടനിർമ്മാണം- നടപടി സ്വീകരിക്കേണ്ടതാണ്

2015-16ൽ അൻപതോളം കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിക്കുന്നത്. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ നടപ്പാക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി നടത്തേണ്ടതാണ്.

2011ലെ കേരള പഞ്ചായത്ത് രാജ്കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 137(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix-j form ൽ രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-3 അനധികൃതമായി പ്ലോട്ടുകൾ തിരിച്ച് വില്പന നടത്തി

മരോട്ടിക്കൽ വറീത് മകൻ ആന്റോ, മുത്തിപീടിക ലോനപ്പൻ മകൻ ഫ്രാൻസിസ്,മേലിട്ട് കുമാരൻ മകൻ ജയപ്രകാശ് എന്നിവരിൽ നിന്നും 813/1/2010 ആധാരപ്രകാരം ചേർപ്പ് സബ് രജിസ്റ്റാർ ഓഫീസിൽ നിന്നും 38.33ആർ സ്ഥലം ഇരവി ചന്ദ്രശേഖരൻ വിജയൻ, തറയിൻ ബാലൻ മകൻ സന്തോഷ് എന്നിവർക്ക് തീറു നൽകിയിട്ടുള്ളതാണ്. ടി ആധാരത്തിന്റെ ഭൂമി പ്ലോട്ടുകളായി തിരിച്ച് വില്പന നടത്തുന്നതിനുമുൻപ് കെ.പി.ബി.ആർ ചട്ടം 5പ്രകാരം ഭൂവികസന പെർമ്മിറ്റ് വാങ്ങേണ്ടതാണെന്നും കെ.പി.ബി.ആർ ചട്ടം 22 പ്രകാരം ഉടമസ്ഥന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്ന ചട്ട ലംഘനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും മേൽ പറഞ്ഞവർക്ക് നം A2-10437/15 തി.26.11.15 പ്രകാരം സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.ആയതിന്റെ തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് ഉണ്ടായനഷ്ടം കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്ന് ഇടാക്കേണ്ടതുമാണ്.

## 2-4 വസ്തു നികുതി -പിഴ പലിശ ഒഴിവാക്കി നല്കി

സ.ഉ. നം. 713/2015 തസ്വ.ഭ.വ തീയതി 12.3.15 പ്രകാരം വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് 31.3.15 വരെ പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി അടക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിനു വിരുദ്ധമായി 30.3.2015 ലെ പഞ്ചായത്ത് കമ്മിറ്റി 168/15 ാം നം തീരുമാനം പ്രകാരം 30.4.2015 വരെ പിഴ പലിശ ഒഴിവാക്കി വസ്തു നികുതി ഈടാക്കുവാൻ തീരുമാനിച്ചു. ഈ തീരുമാനത്തിനെതിരെ സെക്രട്ടറി വിയോജനകുറിപ്പ് രേഖപ്പെടുത്തുകയും 1.4.2015 ലെ A2-10570/2011 കത്ത് മുഖേന സർക്കാറിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നിട്ടും മേൽ ഉത്തരവിനു വിരുദ്ധമായി നികുതിദായകരിൻ നിന്നും പിഴ പലിശ ഒഴിവാക്കി വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. അതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം കണക്കാക്കി ആയതു ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള നിയമ പരമല്ലാത്ത തീരുമാനങ്ങൾ എടുക്കാതിരിക്കാൻ ഭരണകർത്താക്കൾ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 പാരാമെഡിക്കൽ സ്ഥാപനങ്ങൾ

1.പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

താഴെ പറയുന്ന പാരാമെഡിക്കൽസ്ഥാപനങ്ങൾ 2015-16 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| പേര് | സ്ഥാപനം | തുക |
|---|---|---|
| ഡോ.ജിതിൻ ഗോപി<br>കല്ലുപാലം വീട് | ഫാമിലി ഡെന്റൽ കെയർ | 50 |
| വി.ജി.ജയറാം | ഔവർ ലാബ് | 50 |

| | | |
|---|---|---|
| വൈലിപറമ്പത്ത് | | |

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടം 5 അനുസരിച്ച് സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് പുതുക്കേണ്ടതാണ്.

2. മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രമില്ലാതെ രജിസ്ട്രേഷൻ പുതുക്കി നൽകി

ആയുർജ്യോതി ആയുർവേദാശുപത്രി, അഡ്വാൻസ് ക്ലിനിക്കൽ ലാബ് ,ബേബി നഴ്സിംഗ് ഹോം എന്നീ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രമില്ലാതെയാണ് 2015-16 സാമ്പത്തിക വർഷത്തിൽ പ്രവർത്തിച്ചിരുന്നത് . തദ്ദേശസ്വയംഭരണവകുപ്പിന്റെ 9.12.11ലെ 47724/DC1/2011/LSGD നമ്പർ സർക്കുലർ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും സ്വകാര്യ ആശുപത്രികളുടെയും രജിസ്ട്രേഷൻ നല്കുന്നതിനും പുതുക്കുന്നതിനും മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമാണ്.

3. പാരാമെഡിക്കൽസ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

താഴെ പറയുന്ന പാരാമെഡിക്കൽസ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്

റോസ് മെഡിക്ലിനിക്ക്

ഗാമ ലബോറട്ടറി

രോഹിണി ഹോസ്പിറ്റൽ

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്

## 2-6 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി രണ്ട് അർദ്ധ വർഷങ്ങളിലേയും ഈടാക്കിയിട്ടില്ല.

1.ഹോട്ടൽ സേവര പാർക്ക്

2.ഹോട്ടൽ അർപ്പിത

3.മണവാളൻ ടൈൽസ്

4.തൃശ്ശൂർ താലൂക്ക് ഫർണിച്ചർ ഇൻഡസ്ട്രിസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

5.ഗുരുദേവ ഗ്യാസ് ഏജൻസി

6.മാണിക്യം ഫിനാൻസ്

7.ലക്ഷമി ഏജൻസീസ് യൂണിറ്റ്

8.അലങ്കാർ ടൈൽസ്

9.ശ്രീ മഹാലിംഗം ടൈൽസ് വർക്സ്

10.അംബ പഞ്ചകർമ്മ ചികിത്സാലയം

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204(1) അനുസരിച്ച് ഓരോ അർദ്ധവർഷവും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-7 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സപ്ലൈകോ ലാഭം സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നാം അർദ്ധവർഷത്തെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 4 അനുസരിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ്സ് ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 2-8 വാടക കുടിശ്ശിക

1. വാടക കുടിശ്ശികയിനത്തിൽ 1,38,408 രൂപ ഗ്രാമ പഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുണ്ട്. ആയത് പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വർഷം തിരിച്ചുള്ള കുടിശ്ശിക വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ്എൻക്വയറി 8/19.11.16)

2. പഞ്ചായത്തുമായി കരാറിൽ ഏർപ്പെടാതെയാണ് അരിമ്പൂർ പറപ്പുള്ളി കൊച്ചാപ്പു മകൻ തോമസ് എന്നയാൾക്ക് സ്റ്റാൾ നം 6,7 വാടകയ്ക്ക് നൽകിയിരിക്കുന്നത്. 2005 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ആർജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം വാടകക്കാർ പഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടതാണ്. കരാർ ചട്ടങ്ങൾ പാലിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# 2-9 പരസ്യനികുതി

2015-16 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കു പ്രകാരം പരസ്യ നികുതിയിനത്തിൽ വരവൊന്നുമില്ല. 1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 209 ഉം അനുബന്ധങ്ങളും പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുന്നുണ്ട്. പരസ്യ നികുതിയിനത്തിൽ നല്ലൊരു തുക വരുമാനമായി ലഭിക്കാൻ സാധ്യതയുണ്ട് എന്നിരിക്കെ, ആയത് പ്രയോജനപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 ഡി ആന്റ് ഓ ലൈസൻസ് -വരുമാനം കുറഞ്ഞതിന്റെ കാരണം കണ്ടെത്തേണ്ടതാണ്

2014-15 വർഷം 775സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഓ ലൈസൻസ് അനുവദിക്കുകയും ആയതിൽ നിന്ന് 299775/- രൂപ ഫീസിനത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ 824 സ്ഥാപനങ്ങളിൽ നിന്ന് 298225/- രൂപയാണ് ലൈസൻസ് ഫീസിനത്തിൽ ലഭിച്ചിട്ടുള്ളത്. മുൻ വർഷത്തേക്കാൾ അധികമായി 49 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ഫീസിനത്തിൽ 1550/- രൂപ കുറവായിട്ടാണ് തൻവർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി 21/22.11.16 ) വരുമാനം കുറഞ്ഞതിന്റെ കാരണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി.

പ്രോജക്ടിന്റെ പേര് - പോളിയോ പകർച്ചവ്യാധി നിയന്ത്രണം.

പ്രോജക്ടിന്റെ നം. - S00 80/16

നിർവ്വഹണ ഉദ്യോഗസ്ഥ -സൂപ്രണ്ട്, CHC ചേർപ്പ്

ട്രഷറി ബിൽ നം. -3/2015-16 dt.14.10.15. ₹15000/

ട്രഷറി ബിൽ നം. -5/2015-16 dt.25.2.16. ₹25000/

ട്രഷറി ബിൽ നം. -7/2015-16 dt.21.3.16. ₹35000/-

മേൽ പ്രോജക്ട് പരിശോധിച്ചതിൽ പ്രോജക്ടിന്റെ 90% ചെലവുകളും വാഹന വാടക, റിഫ്രഷ്മെന്റ്, സ്റേറഷനറി എന്നിവയ്ക്കാണ് വിനിയോഗിച്ചിട്ടുള്ളത്.സർക്കാർ ഉത്തരവ് (എം.എസ്.) നം.362/2013/ ത.സ്വ.ഭ.വ. തിയതി.16.11.2013.

അനുബന്ധം -1-ഖണ്ഡിക 7-5 പ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ,സർവ്വെകൾ,വിവരശേഖരണങ്ങൾ, സാധാരണ ശുചീകരണ പ്രവർത്തനങ്ങൾക്കു പുറമേ നടത്തേണ്ടി വരുന്ന പ്രത്യേക സമയങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ എൻ. ആർ.എച്ച്.എം. പരിപാടിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ് മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 75000/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പെയിൻ & പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് യഥാസമയം ലഭിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പദ്ധതി

പ്രോജക്ടിന്റെ നം. - S00 79/16

നിർവ്വഹണ ഉദ്യോഗസ്ഥ – സൂപ്രണ്ട്,CHC ചേർപ്പ്

ട്രഷറി ബിൽ നം. – 4/15-16. dtd.13.1.16. ₹130000/

പെയിൻ & പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് ഡി.ഡി. നം.288985 dtd.13.1.16. പ്രകാരം 55162/ രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി,ഗവ.മെഡിക്കൽ കോളേജ് തൃശ്ശൂരിന് നൽകിയിട്ടുണ്ട്.പ്രൊഫോർമ ഇൻവോയ്സ് നം.017 dtd.19.10.15. പ്രകാരം 19 ഇനം മരുന്നുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ നാളിതുവരെ 47114 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്.8048/ രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നം. | തുക |
|---|---|
| 69224 dated 23.1.16 | 20070 |
| 70794 dated 29.1.16. | 21969 |
| 27892 dated 20.7.16. | 875 |
| 16796 dated 27.6.16. | 1378 |
| 14406 dated 27.5.16. | 2822 |
| ആകെ | 47114/ |

മരുന്നുകൾ യഥാസമയം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭിച്ചിട്ടില്ല 8048/ രൂപയുടെ മരുന്നുകൾ ലഭിച്ചതിന് ശേഷം ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ 8048/ രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-എൻ.എ.സി. ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം. S00 82/16

ട്രഷറി ബിൽ നം. 2/2015-16. Dtd.17.12.15. ₹ 500000/

ഡി.ഡി.നം. 288310 dtd.17.12.15. ₹ 500000/

മേൽ ഡി.ഡി. പ്രകാരമുള്ള തുക ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിയ്ക്ക്

നൽകിയിട്ടുണ്ട്.എന്നാൽ സർക്കാർ ഉത്തരവ് നം. 362/2013/ത.സ്വ.ഭ.വ. തിയതി.16.11.2013 അനുബന്ധം- 1ഖണ്ഡിക7-2പ്രകാരം ആരോഗ്യകേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകൾ മതിയായ അളവിൽ ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി ആയുർവേദ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങാവുന്നതാണ്. നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ച ശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ. നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ചെലവ് തുക 500000/ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ സ്ഥാപനത്തിൽ ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം. | തുക | ലഭിച്ച തിയതി. |
|---|---|---|
| 3739 | 417749 | 16.1.16 |
| 4837 | 51632 | 9.3.16. |
| 5636 | 14708 | 22.4.16. |
| 737 | 15911 | 29.6.16. |

# 3 -4 മൃഗാശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ - ടെണ്ടർ നടപടി പാലിച്ചിട്ടില്ല.

പ്രോജക്ട് നം. S0 157/16

ട്രഷറി ബിൽ നം. 3/2015-16. dtd.22.3.2016. ₹51700/-

ഡി.ഡി.നം. 292113 dtd.22.3.16.₹51700/-

മൃഗാശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മേൽ ഡി.ഡി.വഴി സിഡ്ക്കോയിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 51700/ രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി.) 26/2015/എസ്.പി.ഡി. dtd.28.5.2015 പ്രകാരം മര-സ്ററീൽ ഫർണിച്ചർ എന്നിവ മാത്രമാണ് ടെണ്ടർ കൂടാതെ സർക്കാർ നിശ്ചയിച്ച നിരക്കിൽ സിഡ്ക്കോയിൽ നിന്നും വാങ്ങാൻ പാടുള്ളൂ. ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ. തിയതി 8.11.2010 പ്രകാരമുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിച്ചിട്ടില്ല. സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയിട്ടില്ല.അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവ് തുക 51700/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3 -5 ഹെഡ്മിസ്ട്രസ് ജെ.ബി.എസ്. ചേർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

a) അതുല്യം പദ്ധതി -അപാകതകൾ സംബന്ധിച്ച്

പ്രോജക്ട് നം. – S0042/16

ട്രഷറി ചെക്ക് നം. 1635596 dtd.3.10.15.

അടങ്കൽ – 100000/- (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്.

ഹെഡ്മിസ്ട്രസ് ജെ.ബി.എസ്. ചേർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അതുല്യം പദ്ധതിയ്ക്ക് വേണ്ടി തനത്ഫണ്ടിൽ നിന്നും ആകെ 84736/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 125 പേർക്ക് ഭക്ഷണം – 6300/-

2.120 പേർക്ക് കണ്ണട – 12000/(പുളിക്കൻ ഐ കെയർ ചേർപ്പിൽ നിന്നും വാങ്ങിയത്)

3. ബാനർ – 500

4.ഫോട്ടോ - 500/-

5. അതുല്യം പാഠപുസ്തകം (50x50) – 2500/

6.പേന, ഫോട്ടോസ്റ്റാറ്റ് – 600/-

7.ഇൻസ്ട്രക്ടർമാരുടെ ഓണറേറിയം 8x6x1000 = 48000/-

8.പ്രേരക്മാരുടെ ഓണറേറിയം 2x6x1000 = 12000/-

9.പഠിതാക്കൾ 120 പേർക്ക് നോട്ട്ബുക്കുകൾ 120x10= 1200

10. മോഡൽ പരീക്ഷയ്ക്ക് വേണ്ടി പേപ്പർ 8 ബണ്ടിൽ – 136/–

ആകെ 84736/-

അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി 2014-15ഹാജർ പുസ്തകം 12,13,14,15,(2Nos)16, (2Nos) 18 എന്നീ വാർഡുകളുടെ (മൊത്തം 8 Nos) ഹാജർ പുസ്തകം പരിശോധനയ്ക്ക്

ഹാജരാക്കിയിരുന്നു. ആയതിൻ പ്രകാരം 179 പഠിതാക്കൾ 2014 നവംബർ മുതൽ 2015 മാർച്ച് വരെ ക്ലാസ്സുകളിൽ പങ്കെടുത്തതായി കാണുന്നു.എന്നാൽ ഓണറേറിയം ഇനത്തിൽ 6 മാസത്തെ തുക ഇൻസ്ട്രക്ടർമാർക്കും കോഡിനേറ്റർമാർക്കും നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ 5 മാസമാണ് ഹാജർ പുസ്തകപ്രകാരം ക്ലാസ്സുകൾ നടന്നിട്ടുള്ളത്. 120 പഠിതാക്കൾക്ക് കണ്ണട നൽകിയതിന് പുളിക്കൻ ഐ കെയർ ചേർപ്പ് എന്ന സ്ഥാപനത്തിന് 12000/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ സ്ഥാപനത്തിന്റെ കാഷ് രശീത്, പഠിതാക്കളുടെ കൈപറ്റ് രശീത്, ഡോക്ടറുടെ പരിശോധന ലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.അതുല്യം പാഠപുസ്തകം 50 പേർക്ക് @50 നിരക്കിൽ വാങ്ങിയതിന്

2500/- രൂപ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ 115 പഠിതാക്കൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്തുകൊണ്ടാണ് ബാക്കി 65പഠിതാക്കൾക്ക് പാഠപുസ്തകം വാങ്ങി നൽകാതിരുന്നത്. 115 പഠിതാക്കൾ, ഇൻസ്ട്രക്ടർമാർ ഉൾപ്പെടെ 125 പേർക്ക് ഭക്ഷണം നൽകിയതിന് 6300/- രൂപ ചെലവഴിച്ചിട്ടുണ്ട്.അതുല്യം കൈപുസ്തകത്തിൽ പഠിതാക്കൾക്ക് ലഘുഭക്ഷണം, ചായ എന്നിവ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. വാഹന വാടക ഇനത്തിൽ 1000/-രൂപ ചെലവഴിച്ചിട്ടുണ്ട് . എന്നാൽ ആയതിന് ട്രിപ്പ്ഷീറ്റ് ഹാജരാക്കിയിട്ടില്ല.ഓണറേറിയം ഇനത്തിൽ അധികം നല്കിയ 10000/-രൂപയും ഡോക്ടറുടെ പരിശോധനയില്ലാതെ കണ്ണട വാങ്ങിയതിന് നൽകിയ 12000/- രൂപയും ട്രിപ്പ്ഷീറ്റില്ലാതെ വാഹനം ഓടിയതിന്റെ വാടക 1000/- രൂപ ഉൾപ്പെടെ മൊത്തം 23000-/രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>b) പത്താം തരം തുല്യത പരീക്ഷയ്ക്ക് ധനസഹായം - കൈപറ്റ് രശീതി ഹാജരാക്കിയിട്ടില്ല.</u>

പ്രോജക്ട് നം. S00 40/16(തനത് ഫണ്ട്)

ഡി.ഡി.നം. 292417 dtd.28.3.2016. 19500/-

13 ഗുണഭോക്താക്കൾക്ക് പത്താം തരം തുല്യത പരീക്ഷയ്ക്ക് ധനസഹായം നല്കുന്നതിന് 1500/- വീതം മൊത്തം 19500/- രൂപ കേരള സംസ്ഥാന സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപറ്റ് രശീതി ഹാജരാക്കിയിട്ടില്ല.പഠിതാക്കൾ പരീക്ഷ എഴുതിയത് സംബന്ധിച്ച് വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ചെലവ് തുക 19500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>c) പത്താം തരം സ്കൂൾ കുട്ടികൾക്ക് സൈക്കിൾ വിതരണം (SC) പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.</u>

പ്രോജക്ട് നം. - S0 167/16

ട്രഷറി ബിൽ നം. 5/2015-16. dtd.28.3.16. ₹ 179917/

ഡി.ഡി.നം. 292418 dtd.28.3.16. ₹179917/

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.089 dtd.21.3.16. പ്രകാരം ആൺകുട്ടികൾക്കായി 16 സൈക്കിളുകളും പെൺകുട്ടികൾക്കായി 21 സൈക്കിളുകളും ഉൾപ്പെടെ മൊത്തം 37 ഹീറോ ബ്രാന്റഡ് സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. തിയതി രേഖപ്പെടുത്താതെയാണ് ഗുണഭോക്താക്കൾ കൈപറ്റ് രശീത് നൽകിയിട്ടുള്ളത്.മാർച്ച് അവസാനവാരം കേരളത്തിൽ പത്താം തരം പരീക്ഷകൾ അവസാനിക്കുന്നതാണെന്ന് എല്ലാവർക്കും അറിവുള്ളതാണ്. പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും പത്താംതരത്തിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്നിരിക്കെ അദ്ധ്യയനവർഷത്തിന്റെ അവസാനത്തിൽ സൈക്കിളുകൾ വിതരണം ചെയ്തതിന്റെ സാംഗത്യം വിശദീകരിക്കേണ്ടതാണ്. ചെലവ് തുക 179917/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3 -6 <u>സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതൾ</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്,നം. | ട്രഷറി ബിൽ നം. തിയതി | തുക | തുക നൽകപ്പെട്ടിട്ടുള്ളത് | റിമാർക്ക്സ് |
|---|---|---|---|---|
| കുവപ്പുഴ SC കോളനിയിലേക്ക് പൈപ് ലൈൻ നീട്ടൽ S010/16 | 4/2015-16 28.2.16. | 65000/ | എക്സി. എഞ്ചി. കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട | പൂർത്തികരണ സാക്ഷ്യ പത്രപ്രകാരം 50545/- രൂപ മാത്രമാണ് ചെല വായിട്ടുള്ളത്. ബാക്കി തുക 14,455/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി യിട്ടില്ല. ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 104/15-16 | 1/2015-16 dtd.23.7.15 ചെക്ക് നം. 1635582. dtd.1.8.15. ചെക്ക് നം. 1635594 dtd.30.9.15 1434004 dtd.23.12.15. (തനത് ഫണ്ട്) | 600000/ 158310/ 270910/ 180670 (തനത് ഫണ്ട്) | അസി. എഞ്ചിനിയർ. KSEB ചേർപ്പ് | കൈപറ്റ് രശീത്, പൂർത്തികരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ<br>s0101/15-16 | 2/2015-16<br>23.7.15. | 130900/ | അസി. എഞ്ചിനിയർ. KSEB,<br>ചേർപ്പ് | പൂർത്തികരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| മുത്തുള്ളിയാൽ തോപ്പ് കോളനി പൈപ്പ് ലൈൻ നീട്ടൽ<br>s006/16 | 15/2015-16.<br>22.3.16. | 346000/ | എക്സി. എഞ്ചി.<br>കേരള വാട്ടർ അതോറിറ്റി<br>ഇരിങ്ങാലക്കുട | പൂർത്തികരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

മുകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 175179/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

# 3-7 ടെണ്ടറുകൾ അസാധുവാക്കിയതിലൂടെ പഞ്ചായത്തിന് നഷ്ടം സംഭവിച്ചത് സംബന്ധിച്ച്

ടെണ്ടർ നോട്ടീസ് നം.1/AE/LSGD/CHP/15-16 Dt.15.07.15 പ്രകാരം 40 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിനെതുടർന്ന് താഴെ കൊടുത്ത രീതിയിൽ ടെണ്ടറുകൾ ലഭിച്ചു.

ടെണ്ടറുകൾ ലഭിക്കാത്തത് - 10

സിങ്കിൾ ടെണ്ടർ ലഭിച്ചത് - 13

വിവിധകാരണങ്ങളാൽ നിരസിച്ചവയുടെ എണ്ണം - 02

സ്വീകരിക്കാമെന്ന് അസി.എഞ്ചിനിയർ ശുപാർശ ചെയ്തവയുടെ എണ്ണം - 15

ആകെ 40

===

എന്നാൽ ചേർപ്പ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 01.08.2015-ലെ 262/15നമ്പർ തീരുമാന പ്രകാരം, 28.07.15, 29.07.15എന്നീ തീയ്യതികളിൽ ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളും നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയറുടെ കത്തും യോഗം വിശദമായി പരിശോധിച്ചതായി കാണുന്നു. 40 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ 16 പ്രവൃത്തികൾക്ക് മാത്രമാണ് ടെണ്ടർ ലഭിച്ചതെന്നും ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിലും 9.8% മുതൽ 16.66%

വരെ കുറഞ്ഞ നിരക്കിലാണുള്ളതെന്നും ഇത്രയും കുറഞ്ഞ നിരക്കിൽ ടെണ്ടറുകൾ സ്വീകരിക്കുന്നത് ഗുണമേൻമയെ ബാധിക്കുമെന്നും പൊതുജനങ്ങളുടെ എതിർപ്പിന് ഇടയാക്കുമെന്നും യോഗം വിലയിരുത്തി. മാത്രമല്ല പകുതി പ്രവൃത്തികൾക്ക് പോലും ടെണ്ടറുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ലഭിച്ച ടെണ്ടറുകൾ അംഗീകരിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു. മേൽ വിവരിച്ച കാരണങ്ങൾ പരിഗണിച്ച് എല്ലാ പ്രവൃത്തികളും റീ-ടെണ്ടർ ചെയ്യുന്നതിന് അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നതിനും യോഗം തീരുമാനിച്ചു. അസി.എഞ്ചിനിയറുടെ 05.08.15-ലെ 18/AE/LSGD/CHP നം. കത്ത് പ്രകാരം പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യുമ്പോൾ ആദ്യടെണ്ടറിൽ ലഭിച്ച കുറഞ്ഞനിരക്ക് ലഭിക്കാൻ സാധ്യതയില്ലെന്നും ഏതെങ്കിലും സാഹചര്യത്തിൽ കൂടിയനിരക്ക് ലഭിക്കുന്ന സാഹചര്യമുണ്ടാവുകയാണെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥന് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കില്ലെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 13.08.15-ലെ 02/AE/LSGD/CHP/15-16 നം. ടെണ്ടർ നോട്ടീസ് പ്രകാരം റീ-ടെണ്ടർ ക്ഷണിക്കുകയും ആദ്യടെണ്ടറിൽ tender below quote ചെയ്ത പ്രവൃത്തികൾക്കുവരെ Estimate rate-ലുള്ള ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു.

| ലഭിച്ച ടെണ്ടറുകളിൽ അസി.എഞ്ചിനിയർ സ്വീകരിക്കാമെന്ന് ശുപാർശ ചെയ്ത ടെണ്ടറുകളുടെ വിശദാംശങ്ങൾ | | | | | 13.08.15-ലെ റീ-ടെണ്ടർ നോട്ടീസ് പ്രകാരം ലഭിച്ച ടെണ്ടറുകളുടെ വിവരം | | | |
|---|---|---|---|---|---|---|---|---|
| പ്രൊജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | അടങ്കൽ | ടെണ്ടർ നിരക്ക് | കരാറുകാരന്റെ പേര് | ടെണ്ടർ നിരക്ക് | നഷ്ടം | മറ്റുവിരങ്ങൾ |
| 10 | പൂത്തറക്കൽ കോളനി റോഡ് റീടാറിങ്ങ് | മണികണ്ഠൻ വി.ടി. | 400000 | 14.55% below | കെ.എസ്. സനിൽകുമാർ | Esti-mate rate | 58200 | Value of work Rs.399697 Treasury Bill No.64/ 21.3.16 Treasury Bill No.72/ 30.3.16 |
| 12 | കല്ലേരി റോഡ് കോൺക്രീറ്റിങ്ങ് | ജയൻ.വി.ടി. | 415000 | 15.55% below | പ്രദീപ്കുമാർ | Esti-mate rate | 64532.50 | Total value Rs.412855 Treasury bill No.40/ 17.2.16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 23 | പെട്രോൾപമ്പ് റോഡ് റീ ടാറിങ്ങ് | ഗോഗിൻ എം | 390000 | 9.8% below | മണികണ്ഠൻ വി.ടി. | Esti-mate rate | 38220 | Total value Rs.389609<br>Treasury bill No.59/ 29.2.16 |
| 64 | മുത്തുള്ളിയാൽ പട്ടത്ത് റോഡ് കോൺക്രീറ്റിങ്ങ് | ജയൻ വി.ടി | 220000 | 15.6% below | കെ.എസ്. സനിൽകുമാർ | Esti-mate rate | 34320 | Total value Rs.217431<br>Treasury bill No.54/ 24.2.16 |
| 69 | മദ്രസ റോഡ് റീടാറിങ്ങ് | മണികണ്ഠൻ വി.പി. | 498000 | 16.65% below | ഗോഗിൻ എം. | Esti-mate rate | 82917 | Treasury Bill No.30/ 21.1.16 for Rs.324515<br>Treasury bill No.31/ 21.1.16 for Rs.165000<br>Value of work Rs.4,89,515 |
| 71 | വെള്ളത്തോടത്ത് റോഡ് റീടാറിങ്ങ് | മണികണ്ഠൻ വി.ടി. | 280000 | 12.55% below | കെ.എസ്. സനിൽകുമാർ | Esti-mate rate | 35140 | Total value Rs.255097<br>Treasury bill No.85/ 31.3.16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 72 | കുന്നത്ത്മുകൾ റോഡ് റീടാറിങ്ങ് | വിനോദ് പി. | 295000 | 11.6% below | വി.കെ. സുനിൽകുമാർ | Esti-mate rate | 34220 | Total value Rs.284605 Treasury bill No.50/ 24.2.16 |
| 75 | മാത്തുക്കാട് റോഡ് സോളിങ്ങ് | ജയൻ വി.ടി | 376908 | 16,66% below | കെ.എസ്. സനിൽകുമാർ | Esti-mate rate | 62792.87 | Total value Rs.370430 Treasury bill No.00/ 00.0.00 Cheque No. 1434027/ 30.03.16 |
| 76 | ഐച്ചിയിൽ വഴി കോൺക്രീറ്റിങ്ങ് | ജയൻ വി.ടി | 120000 | 11% below | വി.ടി.ജയൻ | Esti-mate rate | 13,200 | Total Value 119524- Treasury Bill No.15/ 29.10.15 |
| 89 | കള്ളിയത്ത് റോഡ് റീടാറിങ്ങ് | മണികണ്ഠൻ വി.ടി. | 498000 | 16.65% below | കെ.എസ്. സനിൽകുമാർ | Esti-mate rate | 82917 | Total value Rs.497752 Treasury bill No.56,57, 58/29.2.16 |
| 119 | സംസ്കാരനഗർ റോഡ് കോൺക്രീറ്റിങ്ങ് | ജയൻ വി.ടി | 175000 | 14% below | പ്രദീപ്കുമാർ | Esti-mate rate | 24500 | Total value Rs.174212 Treasury bill No.22/ 15.1.16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 170 | അങ്കണവാടി ചുറ്റമതിൽ (W.9) | രാമകൃഷ്ണൻ എ.എൻ. | 200000 | Estimate rate | രാമകൃഷ്ണൻ എ.എൻ. | Esti-mate rate | 0 | Total value Rs.172774 Treasury bill No.68/ 30.3.16 |
| 172 | മുളയം അമ്പലം റോഡ് റീടാറിങ്ങ് | വിനോദ് പി. | 450000 | 15.82% below | വി.ടി.ജയൻ | Esti-mate rate | 71190 | Total value of work Rs.449811 Treasury bill No.48/ 24.2.16 for Rs.427321 |
| 175 | അങ്കണവാടി മെയിന്റ-നൻസ് (W.15) | ടി.എൻ.ഉണ്ണി കൃഷ്ണൻ | 200000 | Estimate Rate | ഗോഗിൻ എം. | Esti-mate rate | 0 | Total value Rs.187521 Treasury bill No.16/ 5.1.16 |
| 176 | ഹെൽത്ത് സെന്റർ ബൈ ലെയിൻ റോഡ് റീടാറിങ്ങ് | വിനോദ് പി. | 285000 | 11.3% below | ഗോഗിൻ എം | Esti-mate rate | 32205 | Total value of work Rs.282544 Treasury bill No.26/ 21.01.16 for Rs.268399- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | 634354.37 | |

ഗുണമേന്മ ഉറപ്പുവരുത്താൻവേണ്ട നിയമപരമായ വ്യവസ്ഥകൾ നിലവിലുണ്ടെന്നിരിക്കെ ഗുണമേൻമയെ ബാധിക്കു മെന്ന ദുർബ്ബലവാദം ഉയർത്തിക്കൊണ്ട് ലഭിച്ച ടെണ്ടറുകൾ പൂർണ്ണമായി അസാധുവാക്കിയതിലൂടെ പഞ്ചായത്തിന് 6,34,354.37രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. GO(P)No.295/15/Fin. Dated 15.07.15-ൽ എസ്റ്റിമേറ്റ് നിരക്കിൽനിന്നും 25% കുറവ് രേഖപ്പെടുത്തി ടെണ്ടർ ഉറപ്പിക്കുന്ന കരാറുകാരനിൽനിന്നും പെർഫോർമൻസ് ഗാരണ്ടി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിനർത്ഥം കുറഞ്ഞനിരക്കിലുള്ള ടെണ്ടറുകൾ സ്വീകരിക്കാമെന്നുതന്നെയാണ്. കൂടാതെ കേരള പി.ഡബ്ള്യു.ഡി.മാനുവൽ സെക്ഷൻ 2009.4പ്രകാരം എസ്റ്റിമേറ്റിലും 75% കുറവ് രേഖപ്പെടുത്തുന്ന ക്വട്ടേഷൻ/ടെണ്ടറുകൾ മാത്രമാണ് നിരസിക്കേണ്ടതുള്ളൂ. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന് വ്യക്തമായ നഷ്ടം (6,34,354.37-രൂപ) ഉണ്ടാക്കിയ പഞ്ചായത്ത്ക്കമ്മിറ്റി തീരുമാനത്തിൽ ഒപ്പുവെച്ച താഴെ പറയുന്ന ഭരണസമിതി അംഗങ്ങളിൽനിന്നും തുല്ല്യമായി ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

| | |
|---|---|
| 1.മിനി ജോസ് - പ്രസിഡന്റ്<br>മാളിയേക്കൽ വീട്, ചെവ്വൂർ പി.ഒ | 2.രഞ്ജിനി തെക്കത്ത്<br>W/o പീതാംബരൻ, തെക്കത്ത് വീട്<br>പെരുമ്പിള്ളിശ്ശേരി, ചേർപ്പ് പി.ഒ.<br>680 561 |
| 3.ജലജ പ്രസന്നൻ<br>വാളക്കടവിൽ വീട്, എട്ടുമന,<br>കരുവന്നൂർ പി.ഒ. | 4.സുനിൽകുമാർ<br>പറമ്പത്ത് വീട്, എട്ടുമന,<br>കരുവന്നൂർ പി.ഒ. |
| 5.ഉഷ രാജൻ<br>കാഞ്ഞുള്ളി വീട്, ചേർപ്പ് പി.ഒ.<br>680 561 | 6.ഉഷ കുമാരൻ<br>മാരാത്ത് പറമ്പിൽ വീട്,<br>പെരുമ്പിള്ളിശ്ശേരി, ചേർപ്പ് പി.ഒ.<br>680 561 |
| 7.ജെൻസൺ ജോർജ്ജ്<br>തട്ടിൽകാട വീട്, ചർച്ച് റോഡ്,<br>ചേർപ്പ് പി.ഒ. | 8.ഗീത രതീഷ്<br>തെക്കെ വീട്, ഊരകം പി.ഒ. |
| 9ശാന്തകുമാരി -<br>ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ | 10.ഷാജി കള്ളിയത്ത് |

| | |
|---|---|
| കടുപിടി വളപ്പിൽ വീട്,<br>പെരുമ്പിള്ളിശ്ശേരി, ചേർപ്പ് പി.ഒ.<br>680 561 | കള്ളിയത്ത് വീട്, പെരിഞ്ചേരി പി.ഒ., |
| 11.ദിവ്യ സന്തോഷ്<br>മാടക്കാവിൽവീട്, ഇഞ്ചമുടി പി.ഒ. | 12.ലില്ലി ഔസേഫ്<br>മേനാച്ചേരി വീട്,<br>ചേർപ്പ് പി.ഒ. |
| 13.ഷീല ഭരതൻ<br>അത്തിക്കാവിൽ വീട്, പനങ്കുളം പി.ഒ.<br>കരുവന്നൂർ- 680 711 | 14.കെ.ബി.ഉമേഷ്<br>കണക്കത്തറ പറമ്പിൽ വീട്,<br>ഊരകം പി.ഒ. 680 562 |

## 3-8 വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ അടവാക്കൽ-സംയുക്ത പരിശോധന നടത്തിയിട്ടില്ല

തനത്ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽനിന്നും വഴിവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ മീറ്ററുള്ളതിനും ഇല്ലാത്തതിനുമായി വെവ്വേറെ തുകകൾ അടവാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് 2015 ജൂലൈ മാസത്തെ വൈദ്യുതി ചാർജ്ജിനത്തിൽ മീറ്റർ സ്ഥാപിച്ചവയുടേത് 80,101/-രൂപയും മീറ്റർസ്ഥാപിക്കാത്തവയുടേത് 38,240/-രൂപയുമാണ്.

2015-16 വർഷത്തിൽ വെള്ളക്കരം ഇനത്തിൽ 2,31,000-/രൂപ മാസംതോറും അടവാക്കിയിട്ടുണ്ട്. ജലഅതോറിറ്റിയുടെ ഇൻവോയ്സ് പ്രകാരം 528 പൊതുടാപ്പുകളാണ് പഞ്ചായത്തിലുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് 22.11.16-ലെ 25ാം നം.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വഴിവിളക്കുകളുടെയും പൊതുടാപ്പുകളുടെയും സംയുക്ത പരിശോധന അടുത്തകാലത്തൊന്നും നടത്തിയിട്ടില്ല എന്നാണ് അറിയിച്ചത്. കൂടാതെ മീറ്റർ സ്ഥാപിക്കാത്ത വഴിവിളക്കുകളും പഞ്ചായത്ത് പ്രദേശത്ത് ഉള്ളതായിക്കാണുന്നു. സംയുക്ത പരിശോധന, മീറ്റർ സ്ഥാപിക്കൽ എന്നീവിഷയങ്ങളിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 വാഹനവാടക നൽകിയത്: തെറ്റായ വാഹനനമ്പർ നല്കിയിരിക്കുന്നു

പഞ്ചായത്ത് വാഹനം ലഭ്യമല്ലാതിരുന്ന 18.08.15 മുതൽ 24.08.15 വരെയുള്ള കാലയളവിൽ പ്രസിഡന്റിനുവേണ്ടി സ്വകാര്യവാഹനം വാടകക്കെടുത്ത വകയിൽ വൗച്ചർ നം.21500599/07.09.15 പ്രകാരം 3,480- രൂപ നൽകിയിട്ടുണ്ട്. Tourist Taxi Receipt പ്രകാരം KL-08-AB-9541 എന്ന വാഹനത്തിനാണ് വാടക നൽകിയിരിക്കുന്നത്. എന്നാൽ മോട്ടോർവാഹന വകുപ്പിന്റെ വെബ്സൈറ്റിൽനിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം മേൽ വാഹനം ഹീറോ ഹോണ്ട

കമ്പനിയുടെ മോട്ടോർ സൈക്കിൾ ആണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ വിശദീകരണത്തിനായി വാഹനവാടകയിനത്തിൽ ചെലവായ 3,480/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 ഫ്ലാറ്റ് നിർമ്മാണം-പട്ടികജാതി: ഫലവത്താവാത്ത ആസൂത്രണം

2014-15 വർഷത്തിൽ വിഭാവനം ചെയ്ത 'ഫ്ലാറ്റ് നിർമ്മാണം-പട്ടികജാതി'(പ്രൊജക്ട് നം. SO 106/16) എന്ന പ്രൊജക്റ്റ്. 2016-17-ലും സ്പിൽഓവർ പദ്ധതിയായി തുടരുകയാണ്. പ്രസ്തുത പദ്ധതിക്കായി ഓഡിറ്റ് വർഷത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

പ്രവൃത്തിയുടെ സാങ്കേതികഅനുമതി കോസ്റ്റ്ഫോർഡ് ചീഫ് എഞ്ചിനിയറുടെ 17.03.2015-ലെ 201/2014-15നം. ഉത്തരവ് പ്രകാരം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ അസി.എഞ്ചിനിയറുമായി 11.03.15-ൽ 1080/2014-15 പ്രകാരം കരാറൊപ്പിട്ടതിനെതുടർന്ന് കോസ്റ്റ്ഫോർഡിന്റെ നിർദ്ദേശപ്രകാരം പ്രവൃത്തിയുടെ ആദ്യഗഡുവായി 7,37,000-രൂപ സ്ഥാപനത്തിന് നൽകി(ഡി.ഡി.നം. 61635/ 18.4.2015). 23.01.16-ലെ കോസ്റ്റ്ഫോർഡ്/ചേർപ്പ് ജിപി/2180/ 2014 നം.കത്ത് പ്രകാരം പുതിയനിരക്കിൽ(DSR 2014) എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന് സ്ഥാപനം ആവശ്യപ്പെട്ടു. എന്നാൽ കരാർ ഒപ്പിട്ട് ആദ്യഗഡു കൈപ്പറ്റിയതിനുശേഷം എസ്റ്റിമേറ്റ്നിരക്കിൽ മാറ്റം വരുത്തുകയെന്നത് സർക്കാരിന്റെ നിലവിലുള്ള നിയമങ്ങളുടെയും കരാർഉടമ്പടിയുടെയും ലംഘനമാകുമെന്നും ആയതിനാൽ കരാർനിരക്കിൽതന്നെ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ചില്ലെങ്കിൽ പഞ്ചായത്തിനുള്ള എല്ലാ നഷ്ടങ്ങൾക്കും കോസ്റ്റ്ഫോർഡിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണെന്നും അഡ്വാൻസായി 18.04.15-ൽ നൽകിയിട്ടുള്ള തുക 18% പലിശയടക്കം പഞ്ചായത്തിലേക്ക് തിരിച്ചടവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 05.03.16, 16.07.16 എന്നീ തീയ്യതികളിൽ സ്ഥാപനത്തിന് കത്ത് നൽകി. എന്നാൽ ഈ കത്തുകൾക്കൊന്നും പ്രതികരണം ലഭിച്ചതായിക്കാണുന്നില്ല. തുടർന്ന് 05.10.16-ലെ 263-ാം നം. പഞ്ചായത്ത്ക്കമ്മിറ്റി തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടറെ അറിയിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരായ പട്ടികജാതിവിഭാഗക്കാർക്ക് താമസയോഗ്യമായ വീടുകൾ നൽകി ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി വിഭാവനം ചെയ്യപ്പെട്ട മേൽപദ്ധതി 2016-17 വർഷത്തിലെങ്കിലും യാഥാർത്ഥ്യമാക്കാനുള്ള ആത്മാർത്ഥ ശ്രമം ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ഔദ്യോഗികകത്തിടപാടുകളിൽ ഉണ്ടായേക്കാവുന്ന കാലതാമസം പരിഹരിക്കുന്നതിനായി ജില്ലാകളക്ടറെ നേരിൽകണ്ട് മേൽവിഷയം ചർച്ചചെയ്യുന്നതിനുള്ള ശ്രമങ്ങളും നടത്താവുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 145555 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,ബത്ത നൽകൽ (ജനറൽ) | 145555 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 48520 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,ബത്ത നൽകൽ (എസ്.സി.പി) | 48520 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിന്റെ വിവധ വാർഡുകളിൽ സ്റ്റ്രീറ്റ് മെയിൻ വലിക്കൽ | 21500515 284368 23.7.15 | 600000 | 00 | 00 |
| | | 21500472 1635582 1.8.15 | 158310 | | |
| | | 21500664 1635594 | 270910 | | |

| | | | | | |
|---|---|---|---|---|---|
| | | 2.9.15 | | | |
| | | 21500965 1434004 23.12.15 | 180670 | | |
| കെ.എസ്.ഇ.ബി | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 21500515 2184369 23.7.15 | 130900 | 00 | 130900 |
| കേരള വാട്ടർ അതോറിറ്റി,പിഎച്ച് ഡിവിഷൻ ,ഇരിങ്ങാലക്കുട | മുത്തുള്ളിയാൽ ടോപ്പ് കോളനി പൈപ്പ് ലൈൻ നീട്ടൽ | 15/15-16 292120 23.3.16 | 346000 | 00 | 346000 |
| " | കുവപ്പുഴ എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | 4/2015-16 289414 27.1.16 | 65000 | 50545 | 14455 |

# 4-3 . മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പതുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ പഞ്ചായത്ത് | 256/ഡി.ബി1 /15/തസ്വഭവ, | 2000000 | 0 | 0 | 0 | 800000 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | 23.9.2015 | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 8500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെകൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചേർപ്പ് സർവ്വീസ് സഹകരണ ബാങ്ക് | 5000 രൂപ |
| KSFE ചേർപ്പ് | 3500 രൂപ |
| ആകെ | 8500 രൂപ |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 44795905.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67225789.00 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 3000.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 634354.37 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2612435.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3000 | | ജയകൃഷ്ണൻ,സെക്രട്ടറി |
| 3-7 | | 634354.37 | 14 ഭരണസമിതി അംഗങ്ങൾ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 75000 | ഡോ.ശ്രീകല ടി.പി, മെഡിക്കൽഓഫീസർ,സി.എച്ച്.സി |
| 3-2 | 8048 | “ |
| 3-3 | 500000 | ഡോ.ഉഷ സലൂജ, മെഡിക്കൽഓഫീസർ,ആയുർവേദം |
| 3-4 | 51700 | ഡോ.എം .എ മനോജ് കുമാർ,<br>സീനിയർ വെറ്ററിനറി സർജൻ |
| 3-5 a) | 23000 | ഷീല ടി.ജി, ഹെഡ്മിസ്ട്രസ് |
| 3-5 b) | 19500 | ഷീല ടി.ജി,ഹെഡ്മിസ്ട്രസ് |
| 3-5 c) | 179917 | ഷീല ടി.ജി,ഹെഡ്മിസ്ട്രസ് |

| | | |
|---|---|---|
| 3-6 | 65000 | ജയകൃഷ്ണൻ,അസി. സെക്രട്ടറി |
| “ | 600000 | വനജകുമാരി,സെക്രട്ടറി |
| “ | 158310 | “ |
| “ | 270910 | ഇ.അശോക് കുമാർ,സെക്രട്ടറി |
| “ | 180670 | “ |
| “ | 130900 | വനജകുമാരി,സെക്രട്ടറി |
| “ | 346000 | പ്രജീഷ് പി,സെക്രട്ടറി |
| 3-9 | 3480 | മിനി ജോസ് - പ്രസിഡന്റ് |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയകൃഷ്ണൻ, സെക്രട്ടറി ഇൻ ചാർജ് | ജൂനിയർ സൂപ്രണ്ട് ചേർപ്പ് ഗ്രാമ പഞ്ചായത്ത് | നിർമ്മാല്യം എൽ ബി എസ് ക്രോസ് റോഡ് ഇടപ്പിള്ളി കൊച്ചി 24 |
| മിനി ജോസ് - പ്രസിഡന്റ് | | മാളിയേക്കൽ വീട്, |

| | | |
|---|---|---|
| | | ചെവ്വൂർ പി.ഒ |
| രഞ്ജിനി തെക്കത്ത് | | പീതാംബരൻ, തെക്കത്ത് വീട്<br>പെരുമ്പിള്ളിശ്ശേരി, ചേർപ്പ് പി.ഒ. 680 561 |
| ജലജ പ്രസന്നൻ | | വാളക്കടവിൽ വീട്, എട്ടുമന,<br>കരുവന്നൂർ പി.ഒ. |
| സുനിൽകുമാർ | | പറമ്പത്ത് വീട്, എട്ടുമന,<br>കരുവന്നൂർ പി.ഒ. |
| ഉഷ രാജൻ | | കാഞ്ഞുള്ളി വീട്,<br>ചേർപ്പ് പി.ഒ.<br>680 561 |
| ഉഷ കുമാരൻ | | മാരാത്ത് പറമ്പിൽ വീട്,<br>പെരുമ്പിള്ളിശ്ശേരി,<br>ചേർപ്പ് പി.ഒ.<br>680 561 |
| ജെൻസൺ ജോർജ്ജ് | | തട്ടിൽകാട വീട്, ചർച്ച് റോഡ്,<br>ചേർപ്പ് പി.ഒ |
| ഗീത രതീഷ് | | തെക്കെ വീട്, ഊരകം പി.ഒ. |
| ശാന്തകുമാരി - ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ | | കട്ടുപിടി വളപ്പിൽ വീട്,<br>പെരുമ്പിള്ളിശ്ശേരി,<br>ചേർപ്പ് പി.ഒ.<br>680 561 |

| | | |
|---|---|---|
| ഷാജി കള്ളിയത്ത് | | കള്ളിയത്ത് വീട്,<br>പെരിഞ്ചേരി പി.ഒ., |
| ദിവ്യ സന്തോഷ്<br>ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ | | മാടക്കാവിൽവീട്,<br>ഇഞ്ചമുടി പി.ഒ |
| ലില്ലി ഔസേഫ് | | മേനാച്ചേരി വീട്,<br>ചേർപ്പ് പി.ഒ. |
| ഷീല ഭരതൻ | | അത്തിക്കാവിൽ വീട്,<br>പനങ്കുളം പി.ഒ.<br>കരുവന്നൂർ- 680 711 |
| കെ.ബി.ഉമേഷ് | | കണക്കത്തറ പറമ്പിൽ വീട്,<br>ഊരകം പി.ഒ. 680 562 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക സമാഹൃത റിപ്പോർട്ട് വർഷം<br>ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 84-85,85-86,86-87,<br>87-88,88-89,89-90,<br>90-91,91-92,92-93,<br>93-94,94-95,95-96 | എൽ.എഫ്.ടി(എസ്2)-795/11/ 25.07.11/ 01.10.11 | |

| | | |
|---|---|---|
| | | |
| 1996-97 | എൽ.എഫ്.ടി 15-1727/97 തിയതി 15.05.98 | |
| 1997-98 | എൽ.എഫ്.ടി 15-843/2000 തിയതി 04.07.00 | |
| 1998-99 | എൽ.എഫ്.ടി 15-850/2000 തിയതി 09.11.00 | |
| 1999-00 (ചെലവ്) | എൽ.എഫ്.ടി 15-715/03 തിയതി 05.12.03 | |
| 1999-00 (വരവ്) | എൽ.എഫ്.ടി 15-411/06/ തിയതി 20.01.06 | |
| 2000-01 | എൽ.എഫ്.ടി15-729/05/ 22.12.05 | |
| 2001-02 | എൽ.എഫ്.ടി15-728/05/ 20.01.06 | |
| 2002-03 | എൽ.എഫ്.ടി15-267/06/ 06.08.06 | |
| 2003-04 | എൽ.എഫ്.ടി15-2791/07/ 16.04.07 | |
| 2004-05 | എൽ.എഫ്.ടി15-1701/06/ 02.06.10 | |
| 2005-06 | എൽ.എഫ്.ടി15-1702/06/ 02.06.10 | |
| 2006-07 | എൽ.എഫ്.ടി15-536/10/ 29.01.11 | |
| 2007-08 | എൽ.എഫ്.ടി15-539/10/ 29.01.11 | |
| 2008-09 | എൽ.എഫ്.ടി15-556/11/ 11.10.11 | |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.ടി. പി9-857/11/<br>11.10.11/04.11.11 | |
| 2010-11 | എൽ.എഫ്.ടി.പി.2-2297/12തിയതി<br>14.02.13/15.06.13 | |
| 2011-12 | എൽ.എഫ്.ടി.പി.2-352/13<br>തിയതി 07.08.13/ 06.12.13 | |
| 2012-13 | എൽ.എഫ്.ടി.പി.2-321/14<br>തിയതി 06.06.14/02.08.14 | |
| 2013-14 | എൽ.എഫ്.ടി.പി.2-1926/14<br>തിയതി 16.04.15/22.06.15 | |
| 2014-15 | കെ.എസ്.എ ടി.എസ്.ആർ<br>(പി.2)605/16 തിയതി3.6.2016 | |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSA-TSR(P2)2079/16

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 16.12.2016

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Cherppu Gramapanchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements ofCherppu Gramapanchayath for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office,Thrissur.

കെ.എസ്.എ-ടി.എസ്.ആർ (P2)2079/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 16.12. 2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.